# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1721 — 22.03.2012-ൽ മറുപടിയ്ക്ക്

**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ അംഗീകാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു:മുഖ്യമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൂന്ന് മന്ത്രിമാരുടെ കീഴിലായതിനെ ത്തുടർന്ന് ഓരോ പദ്ധതിയ്ക്കും അംഗീകാരം വാങ്ങേണ്ടത്എപ്രകാരമാണെന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനങ്ങൾക്ക് കൃത്യമായ അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) മന്ത്രിമാർക്ക് നേരിട്ട് പദ്ധതി സമർപ്പിക്കുന്ന രീതി നിലവിലില്ലാത്തതിനാൽ പ്രത്യേക അറിയിപ്പ് നൽകേണ്ട ആവശ്യമില്ല.തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനായി വ്യക്തവും നിയതവുമായ മാർഗ്ഗ രേഖകളും നടപടി ക്രമങ്ങളും നിലവിലുണ്ട്. ബജറ്റ് അവതരണം, അംഗീകാരം ഇവാലുവേഷൻ, ജില്ലാ ആസൂത്രണ സമിതി അംഗീകാരം എന്നിവ കൂടാതെ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയും പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ വ്യക്തമായ നടപടി ക്രമങ്ങൾ പാലിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. നഗരകാര്യ - പഞ്ചായത്ത് ഗ്രാമവികസനവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും പരിപാടികളും നിർദ്ദിഷ്ഠ മാർഗ്ഗ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബന്ധപ്പെട്ട മന്ത്രിമാരുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ടെങ്കിൽ അപ്രകാരം പരിഗണനയ്ക്ക് കൊണ്ട് വരുന്നതിന് പുറമേ ആവശ്യമായി വരുന്ന പക്ഷം ഈ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും ഉൾപ്പെട്ട കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണ്നയ്ക്ക് ഇവ സമർപ്പിച്ചു വരുന്നുണ്ട്. ഈ സംവിധാനം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ